# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആരക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .ഇ കെ എം (പി 8) 1290/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .ഇ കെ എം (പി 8) 1290/21 തീയ്യതി: 09/02/2022

## എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസ്സിയബിവി ജെ., ഓഡിറ്റ് ഓഫീസർ
ശ്രീ.റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.വിജു എം.എസ്., സിനീയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.സ്വപ്ന വി., ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഷാഫി വി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വള്ളമറ്റം കുഞ്ഞ് | പ്രസിഡന്റ് | 01-04-2019 | 21-11-2019 |
| ശ്രീമതി സാന്ദ്ര കെന്നഡി | പ്രസിഡന്റ് | 22-11-2019 | 24-11-2019 |
| ശ്രീ.സാബു പൊതുർ | പ്രസിഡന്റ് | 25-11-2019 | 31-03-2020 |
| ശ്രീ.രാജേഷ്.ടി.വർഗ്ഗീസ് | സെക്രട്ടറി | 01-04-2019 | 07-08-2019 |
| ശ്രീ.ജയന്തകുമാർ.എ.പി | സെക്രട്ടറി | 08-08-2019 | 02-12-2019 |
| ശ്രീ.അഫ്സൽ രാജ്.എം.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-12-2019 | 01-03-2020 |
| ശ്രീ ജയന്തകുമാർ | സെക്രട്ടറി | 02-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൽദോസ് പോൾ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സണ്ണി.കെ.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ്തി.എൻ | വി.ഇ.ഒ (മൂവാറ്റുപുഴ സൗത്ത് സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി മേരി ഫെർണാണ്ടസ് | വി.ഇ.ഒ (ആരക്കുഴ സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി മെറീന പോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി ഷേബ.സി.ബേബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2019 | 26-11-2019 |
| ശ്രീമതി മെറീന പോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-11-2019 | 12-02-2020 |
| ശ്രീമതി ഗീതാഞ്ജലി.ആർ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-02-2020 | 31-03-2020 |
| ശ്രീമതി സൂസമ്മ.സി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.അഫ്സൽ രാജ്.എം.ആർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ഇന്ദു ആർ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പണ്ടപ്പിള്ളി | 01-04-2019 | 20-06-2019 |

| | | | |
|---|---|---|---|
| ഡോ. അൻസിലി ഐസക് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പണ്ടപ്പിള്ളി | 21-06-2019 | 31-03-2020 |
| ഡോ. രേഷ്മ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 12-12-2019 |
| ഡോ. ഇന്ദുമോൾ ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 13-11-2019 | 31-03-2020 |
| ഡോ. ഷിബു സി. തങ്കച്ചൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി പി.എൽ.ലത | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ | 01-04-2019 | 31-05-2019 |
| ശ്രീമതി ടി.എം.ഷക്കീല | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ | 01-06-2019 | 09-06-2019 |
| ശ്രീമതി പി.കെ.സുജാത | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ | 10-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Viju M S (Senior Grade Auditor, On 10-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Viju M S (Senior Grade Auditor, On 10-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-10 |
| 12 | ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 19-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-11 |
| 13 | ദുരിതാശ്വാസ നിധി<br>Written By: Ressiya Beevi J (Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-12 |
| 14 | ഓഡിറ്റ് ഇംപാക്ട്<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-13 |
| 15 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-14 |
| 16 | ലൈസൻസ്- അപാകതകൾ<br>Written By: Swapna.V (Auditor, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-15 |
| 17 | തൊഴിൽ നികുതി അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-16 |

| | | |
|---|---|---|
| 18 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 21-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-17 |
| 19 | ക്യാൻസർ വിമുക്ത എറണാകുളം പദ്ധതി - അപാകതകൾ<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-18 |
| 20 | വ്യത്യസ്തമായ ഇലക്ട്രിസിറ്റി താരിഫ് ഒരേ കെട്ടിടത്തിന് ഉപയോഗിക്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-19 |
| 21 | ഐ.കെ.എം.വിഹിതം. ധനവിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല.<br>Written By: Ressiya Beevi J (Audit Officer, On 18-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-20 |
| 22 | സാക്ഷരതാ തുല്യതാ പഠനസഹായം - അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-21 |
| 23 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Ressiya Beevi J (Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-22 |
| 24 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-23 |
| 25 | കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-24 |
| 26 | തൊഴിലുറപ്പ് പദ്ധതി - റ്റി ഡി എസ് കുറവ് ചെയ്തിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 1-25 |
| 27 | ബഡ്സ് സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ<br>Written By: Ressiya Beevi J (Audit Officer, On 21-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-26 |
| 28 | റോഡ് റിസ്റ്റോറേഷൻ ഫീസ് - വിശദ പരിശോധന നടത്തണം<br>Written By: C.M.Rasheed (Asst. Audit Officer, On 20-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 1-27 |
| | **ഭാഗം 2** | |
| 1 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Swapna.V (Auditor, On 19-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| | Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 16-09-2021) | |
| 5 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 16-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 21-09-2021)<br>Last Updated By: Bindu L (Computer Assistant, On 08-02-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Viju M S (Senior Grade Auditor, On 16-09-2021)<br>Last Updated By: Joby George (Computer Assistant, On 18-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 28.02.2019 ലെ 2-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 119995 |
| വരവ് | 94197700 |
| ആകെ | 94317695 |
| ചെലവ് | 93733279 |
| നീക്കിയിരിപ്പ് | 584416 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 18443524/- രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 11204220/- രൂപയും ലഭിച്ചതുൾപ്പെടെ 29647744രൂപ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020. | 31.05.2020 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1)സഞ്ചയ പ്രകാരമുള്ള വസ്തു നികുതിയുടെ കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2)ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൻവർഷം ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

3)സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

4)റോഡ് കട്ടിംങ് ചാർജ്ജ് 500/-രൂപയും പെർമ്മിറ്റ് റിന്യൂവൽ, പെർമിറ്റ് ഫീ എന്നീ ഇനങ്ങളിൽ 2956/- രൂപയും ലാന്റ് ഡെവലപ്പമെന്റ് ഫീ ഇനത്തിൽ 2026 രൂപയും ഉൾപ്പെടെ 5482/- രൂപ Other Fees (140400199) എന്ന ഹെഡ്ഡിലേക്കാണ് എടുത്തിട്ടുള്ളത്. ഈയിനത്തിൽ പ്രത്യേകം ഹെഡുകൾ ഉണ്ടായിരിക്കെയാണ് Other Fees ഇനത്തിൽ തുക ഈടാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 6853348 |
| വരവ് | 38878204 |
| ആകെ | 45731552 |
| ചെലവ് | 37936464 |
| നീക്കിയിരിപ്പ് | 7795088 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 7236773 | 7236773 | 7236773 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 2041593 | 2041593 | 2041593 | 0 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 56000 | 56000 | 42250 | 13750 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 6772670 | 6772670 | 5350921 | 1421749 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 2980000 | 2980000 | 1469815 | 1510185 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 3251000 | 3251000 | 1103976 | 2147024 | |
| സാക്ഷരത | 0 | 0 | 0 | 0 | 0 | |
| അംഗൻ വാടി പൂരക പോഷകാഹാരം | 277287 | 457671 | 734958 | 393455 | 341503 | |
| ശുചിത്വമിഷൻ | 733914 | 12000 | 745914 | 12000 | 733914 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 53275348 | 87 | 26968434 | 33 | 14 | 64.92% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3980 | 796675 | 800655 | 785424 | 15231 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 17658100 | 17658100 | 17658100 | |
| ആകെ | 3980 | 18454775 | 18458755 | 18443524 | 15231 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4320 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 909600 | 158 |
| വിധവാപെൻഷൻ | 2481600 | 421 |
| വാർദ്ധക്യകാലപെൻഷൻ | 6786900 | 1112 |
| വികലാംഗപെൻഷൻ | 814800 | 144 |
| വിവാഹധനസഹായം | 30000 | 1 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 177000 | 30 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6539/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2020 | 01.02.2020 മുതൽ 30.09.2020വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2014 മുതൽ 04.02.2014വരെ | 2008-09 മുതൽ 2012-13 വരെ | 19.03.2014 |

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. പഞ്ചായത്തിൽ സ്വന്തമായി ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ നേടുന്നതിന് മുൻപ് തന്നെ സി.ജി.എസ്.ടിയിനത്തിലും (350300100)എസ്.ജി.എസ്.ടിയിനത്തിലും(350300111) യഥാക്രമം 19344 (9672+9672) രൂപ കളക്ട് ചെയ്തിട്ടുണ്ട്.ടി തുക ഇപ്പോഴും വാർഷിക ധനകാര്യ പത്രികയിൽ Other Deposit Revenue (340200199) ൽ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു. തുക ബന്ധപ്പെട്ട ഹെഡുകളിൽ അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7.മോണിട്ടറിങ്ങ്
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

8. നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റിനായി ഹാജരാക്കിയ ക്യാഷ് ബുക്ക് കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം നിർദ്ദേശിക്കുന്ന ടി. ആർ 7A ഫോർമാറ്റിലുള്ളതല്ല.

9)പഞ്ചായത്ത് തലത്തിൽ ഉപയോഗിക്കുന്നതും നിർവ്വഹണോദ്യാഗസ്ഥർക്ക് നല്കിയിട്ടുള്ളതുമായ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

10) ലൈസൻസ് ഫീസ് അഡ്വാൻസ് ലഭിച്ചതിന്റെ ബുക്ക് അഡ്ജെസ്റ്റ്മെന്റ് ചെയ്യുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബുക്ക് അഡ്ജെസ്റ്റ്മെന്റ് വിശദാംശങ്ങൾ ലഭ്യമല്ല.ആയതിന് പ്രത്യേകം രജിസ്റ്റർ

സൂക്ഷിക്കേണ്ടതും വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 2 തവണ മാത്രമാണ് 11ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്.വാർഡ് 6, 9 എന്നിവയിൽ മാത്രം 3 തവണ യോഗം ചേർന്നിട്ടുള്ളത്.നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-12 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ ആരക്കുഴ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് നമ്പർ 2261 അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു.

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 367633 | 204899 | 572532 | 205000 | 367532 |

പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾ പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 48 കുടുംബങ്ങൾക്ക് ചികിത്സ സഹായമായി 205000 രൂപ ഈ അക്കൗണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. കൂടുതലും മാരകരോഗങ്ങളായ ക്യാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവർ എന്നിവർക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നല്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

## 1-13 ഓഡിറ്റ് ഇംപാക്റ്റ്

മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ടെണ്ടർ കുറവ് വരുത്താതിരുന്നതിനാൽ കരാറുകാരന് അധികമായി നൽകിയ 1161/- രൂപ ഓഡിറ്റ് എൻക്വയറി ( നം 12/14.09.21) നൽകിയതിന്റെ അടിസ്ഥാനത്തിൽ രസീത് നം 1/61208/16.09.21,1 /61208/16.09.21എന്നിവ പ്രകാരം അടവാക്കി.

## 1-14 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരം ചട്ടം 31(1), (2), (3) എന്നിവ പ്രകാരമുള്ള ഭൂവികസന പ്രവർത്തനങ്ങൾക്ക് ആറിന് 750 രൂപ വീതം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, പാർപ്പിട ആവശ്യത്തിനു വേണ്ടി ചട്ടം31(1), (2), (3) എന്നിവ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഭൂവികസന പെർമിറ്റിന് ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-15 ലൈസൻസ്- അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് (സെക്ഷൻ -232(1)) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു

വകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും ഉപയോഗിക്കുവാൻ പാടില്ല.പഞ്ചായത്തിന്റെ അനുമതി കൂടാതെയും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ,വർക്ക്ഷോപ്പോ, പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല.(കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233എ)

എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് / വാർഡ് നം | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | സിജോ കെ.പി, പൊട്ടക്കൽ /2 | മരപ്പണി നടത്തുന്നതിന് |
| 2 | സുധാകരൻ.ടി.എൻ, താണിക്കുഴിയിൽ/3 | സ്റ്റേഷനറി,പലചരക്കുകട,ബേക്കറി |
| 3 | തോമസ്.വി.വി, വടക്കേൽ/3 | മേശ,കസേര,പട്ടത ,പാത്രങ്ങൾ വാടകക്ക് |
| 4 | രാജൻ എം.കെ, മുണ്ടേക്കുടിയിൽ/4 | പലചരക്ക് വ്യാപാരം |
| 5 | ശ്രീജ ഷിബു, ഈന്തുങ്കൽ/5 | പലചരക്ക് വ്യാപാരം |
| 6 | സിസിലി ജോസ്, വെങ്ങാപ്പിള്ളിൽ/6 | പൊടിമില്ല് |
| 7 | സലിമോൻ സി.വി, ചെറുമാൻതിയിൽ/6 | ബേക്കറി,കൂൾബാർ പലചരക്കുകട |
| 8 | കുട്ടിയമ്മ ചാക്കോ, വേള്ളാരം കല്ലിൽ /7 | സ്റ്റേഷനറി,കൂൾബാർ |
| 9 | സിബി മോൻ പി.എസ്, പുളിക്കത്തടത്തിൽ/8 | കമ്പ്യൂട്ടർ പേപ്പർ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് |
| 10 | കെ.സുധീർ , കുഴിക്കണ്ണിയിൽ/8 | അക്ഷയ കേന്ദ്രം |
| 11 | വി.ജെ ജോർജ്, വെള്ള പ്ലാക്കൽ /9 | റബ്ബർ വ്യാപാരം |
| 12 | ഐജി വർഗ്ഗീസ്, വടക്കേക്കര/11 | ഡെക്കറേഷൻ സെന്റർ |
| 13 | രാജേഷ് ജേക്കബ്, പാറക്കൽ/11 | ചായക്കട |
| 14 | ഐപ്പ് ജോസഫ്, തച്ചാമണിയാട്ട്/11 | പലചരക്ക് വ്യാപാരം |
| 15 | സാജു ജോർജ്, ഓണാട്ട് /13 | റബ്ബർ വ്യാപാരം |
| 16 | കിരൺ ബാബു, പൂണോകുളത്തിങ്കൽ /13 | പലചരക്കുകട |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/13.9.21) ലഭ്യമായ മറുപടിയിൽ ലൈസൻസ് ഫീസ് അടക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ലഭ്യമായിട്ടുണ്ട്. മേൽ പറഞ്ഞിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീ ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ വരും വർഷങ്ങളിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനത്തിലെ ജീവനക്കാരുടെ

തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 102/19-20 | പ്രദീഷ് തോമസ്, പാലാക്കാരൻ | ഫിലോമിനാസ് ഫുഡ് പ്രോഡക്ട്സ് | 4 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.9/16-9-2021), പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്.

## 1-17 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 1/88B | സംഗീത രാജേഷ് , കണ്ടച്ചാവടിയിൽ | പാർപ്പിടം |
| 2 | 9/62B | മോളി തോമസ്, വെള്ളിൻചേൽപുത്തമ്പുരയിൽ | പാർപ്പിടം |
| 3 | 13/304D | അനീഷ് ജോസ്, അമ്പാട്ട് | പാർപ്പിടം |
| 4 | 3/480A, 3/480B, 3/480C | ജോണി സെബാസ്റ്റ്യൻ, സാജു പോൾ , ജോഷി | വാണിജ്യം |
| 5 | 6/345A | പോൾസൺ ജോസ്, തെക്കേൽ | പാർപ്പിടം |

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/18.09.2021) മറുപടി ലഭിച്ചിട്ടില്ല. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ക്യാൻസർ വിമുക്ത എറണാകുളം പദ്ധതി - അപാകതകൾ

ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2019-20സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി., ആരക്കുഴ നടപ്പിലാക്കിയ ക്യാൻസർ വിമുക്ത എറണാകുളം എന്ന പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്തിയതിന് ചായ, ലഘുഭക്ഷണം എന്നിവ നൽകുന്നതിനും കസേര, മേശ, വാഹനം എന്നിവയുടെ വാടക, ബാനർ, ഹോൾ അറേഞ്ച്മെന്റ് എന്നീ വകകളിലും താഴെപ്പറയും പ്രകാരം തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 129/2019-20 |
| പ്രൊജക്ടിന്റെ പേര് | ക്യാൻസർ വിമുക്ത എറണാകുളം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സിഎച്ച്.സി., ആരക്കുഴ |
| അടങ്കൽ തുക | 1,00,000/-(തനതുഫണ്ട്) |

| | |
|---|---|
| ചെലവ് തുക | 45420/-(ചെക്ക് നം.തുക പിൻവലിച്ച തീയതി, എന്നിവ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല) |

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 17.12.19 മുതൽ 24.12.19 വരെ നടത്തിയ ബോധവൽക്കരണ ക്ലാസുകളിൽ 1156 പേർ പങ്കെടുത്തിട്ടുണ്ട്. ബോധവൽക്കരണക്ലാസ് ക്ലാസ് നടത്തിയത് ആരാണെന്നും ഫയലിൽ നിന്നും വ്യക്തമല്ല. ചെലവുതുകയായ 45420/- രൂപ മാറിയതിന്റെ ചെക്കിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല.

ജില്ലാ ആസൂത്രണസമിതിയുടെ സമഗ്രക്യാൻസർ നിയന്ത്രണ പരിപാടി എന്ന പദ്ധതിപ്രകാരമാണ് ക്യാൻസർ വിമുക്ത എറണാകുളം എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ അതത് ആരോഗ്യസ്ഥാപനം വഴി എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു ക്യാൻസർ അവബോധപരിപാടിയെങ്കിലും പൊതുജനങ്ങൾക്കായി നടത്തേണ്ടതാണെന്നും ഇത്തരത്തിൽ വാർഡുകളിൽ നിന്നും ക്യാൻസർ രോഗം സംശയിക്കപ്പെടുന്നവർക്കുള്ള പ്രിലിമിനറി സ്ക്രീനിംഗ് മെഡിക്കലാഫീസറുടെ നിർദ്ദേശാനുസരണം നടത്തുകയും ജെ.പി.എച്ച്.എൻ/ജെ.എച്ച്.ഐ വഴി ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിൽ നടത്തുകയും ബയോപ്സി/എഫ്.എൻ.എ.സി/പാപ്സ്മീർ ഉടങ്ങി കൂടുതൽ പരിശോധന ആവശ്യമുള്ളവരെ ബന്ധപ്പെട്ട താലൂക്ക് /ജില്ലാ /ജനറൽ ആശുപത്രിയിലേക്ക് റെഫർ ചെയ്യേണ്ടതുമാണെന്നും പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ബോധവൽക്കരണ ക്ലാസിനോടൊപ്പം ക്യാൻസർരോഗനിർണ്ണയ ക്യാമ്പുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് കൊണ്ടും പരാമർശത്തിലെ മറ്റ് അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടു കൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/15.9.21) മറുപടി ലഭ്യമായിട്ടില്ല. ഭാവിയിൽ ഇത്തരം ബോധവൽക്കരണ ക്യാംപയിനുകൾക്കൊപ്പം രോഗനിർണ്ണയ ക്യാമ്പുകൾ കൂടി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതും പരാമർശത്തിലെ മറ്റ് അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വ്യത്യസ്തമായ ഇലക്ട്രിസിറ്റി താരിഫ് ഒരേ കെട്ടിടത്തിന് ഉപയോഗിക്കുന്നു.

ആരക്കുഴ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു കെട്ടിടം പഞ്ചായത്ത് സ്വന്തമായി വാങ്ങിയിരുന്നു. പ്രസ്തുത കെട്ടിടം ഇപ്പോൾ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. ഈ കെട്ടിടത്തിന്റെ വൈദ്യുതി താരിഫ് എൽ.ടി 6c ആണ്. (കൺസ്യൂമർ നമ്പർ 1157524015318). ഈ താരിഫ് ബാങ്കുകൾക്കും എ.ടി.എമ്മുകൾക്കും ബാധകയായ നിരക്കാണ്. പഞ്ചായത്ത് കെട്ടിടങ്ങൾക്ക് ബാധകമായ താരിഫ് എൽ.ടി 6B ആണ്. പുതിയ താരിഫിലേക്ക് കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി താരിഫ് മാറ്റിയിട്ടുണ്ടെങ്കിൽ ആയിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 13.09.2021നല്കിയ 4ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ നിലവിൽ ഈ കെട്ടിടത്തിന്റെ ഇലക്ട്രിസിറ്റി താരിഫിലേക്ക് മാറ്റേണ്ടുന്നതിനാവശ്യമായ നടപടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലെ അറിയിക്കാമെന്നാണ് കാണിച്ചിരിക്കുന്നത്. ആയത് 6B താരിഫിലേക്ക് മാറ്റേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ഐ.കെ.എം.വിഹിതം. ധനവിനിയോഗസാക്ഷ്യ പത്രം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം. | So 2/19-20 |
| പ്രോജക്ടിന്റെ പേര്. | ഐ.കെ.എം.വിഹിതംനല്കൽ |
| അടങ്കൽ | 40000/- |
| ചെലവ് | 40000/- |
| ബിൽ നം./തീയതി. | 10/23-7-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ധനവിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/17-9-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 40000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 സാക്ഷരതാ തുല്യതാ പഠനസഹായം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. പേര് | S0073/19, സാക്ഷരതാ പഠിതാക്കൾക്ക് കോഴ്സ് ഫീ |
| അടങ്കൽ,ഫണ്ട് | 50000/- (വികസനഫണ്ട്- പൊതുവിഭാഗം) |
| ബിൽ നം./തിയതി ചെലവ് | 02/19-29, 26.09.2019,46850 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് യു.പി സ്കൂൾ, പണ്ടപ്പിള്ളി |

പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ അടക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 8 പത്താംതരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസുമായി 14200/- രൂപയും (2x1850)+(6x1750), 10 ഒന്നാം വർഷ (പ്ലസ് വൺ) പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസുമായി (3x2500)+(7x2200) 22900/- രൂപയും 5 പ്ലസ്സ് ടു (5x1950)പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസുമായി 9750 രൂപയും ഉൾപ്പെടെ ആകെ 46850/- രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 57026996123 എന്ന അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ ഔപചാരികവിദ്യാഭ്യാസം നേടാൻ കഴിയാതെപോയവർക്ക് തുടർപഠനത്തിന് അവസരം ഒരുക്കുകയും, തുല്യതാ പരീക്ഷക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ, രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസും അടച്ച പത്താംതരം, ഹയർസെക്കൻഡറി പഠിതാക്കളുടെ പരീക്ഷാ ഫീസ് പദ്ധതിയിൽ നിന്നും അടച്ചിട്ടില്ലായെന്നുമാത്രമല്ല വിദ്യാർത്ഥികൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. കൂടാതെ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസും അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് സംബന്ധമായ നിർവ്വഹണോദ്യാഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ നിന്ന് ലഭ്യമല്ല. പഠിതാക്കളുമായി ബന്ധപ്പെട്ട ആധാർകാർഡ് ഒഴികെ മറ്റ് വിവരങ്ങളൊന്നും തന്നെ ഫയലിൽ നിന്ന് ലഭ്യമല്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ 08.09.2021 ലെ 1-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയത് നിർവ്വഹണോദ്യാഗസ്ഥനല്ല. പകരം സാക്ഷരത പ്രേരക്കാണ്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അടവാക്കിയ തുകയുടെ വിവരങ്ങൾ എഴുതി സമർപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നത് വരെ ഈ പദ്ധതിക്കായി ചെലവഴിച്ച 46850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നം. | 77/19 -20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 443000/-( ധ.ക.കമ്മീഷൻ അവാർഡ് ) |
| ചെലവ് | 353000/- |
| ബിൽനം.&തീയതി. | 23/19-20/18-10-19 |

ടി പ്രോജക്ട് പ്രകാരം 353000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, മൂവാറ്റുപുഴ (ഡിവിഷൻ) യ്ക്ക് നല്കിയിട്ടുണ്ട്.ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/20-9-21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകയായ 353000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ

ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ 7.4.2017 ലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർദ്ദേശങ്ങൾ പ്രകാരം 2017-18 മുതലുള്ള എല്ലാ പ്രവൃത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർബന്ധമാക്കിയിട്ടുണ്ട്. ഗ്രാമവികസന മന്ത്രാലയം പുറത്തിറക്കിയ ആന്വൽ മാന്വൽ സർക്കുലർ 2019 - 20 ലും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിത്തി ലഭ്യമായ പ്രവൃത്തികളിൽ പെയിന്റ് ചെയ്യും അല്ലാത്തവയിൽ ഫലകത്തിന്റെ രൂപത്തിലും ബോർഡ് സ്ഥാപിക്കാം. വ്യക്തിഗത പ്രൊജക്ടുകൾക്ക് പരമാവധി 3000 രൂപയും കമ്മ്യൂണിറ്റി പ്രൊജക്ടുകൾക്ക് പരമാവധി 5000 രൂപയും ബോർഡ് സ്ഥാപിക്കുന്നതിന് ചെലവഴിക്കാം. ഗ്രാമ പഞ്ചായത്തിൽ ബിനു കെ തോമസിന്റെ ക്വട്ടേഷനാണ് ബോർഡ് സ്ഥാപിക്കുന്നതിന് അംഗീകരിച്ചിട്ടുള്ളത്. ടിയാനുമായി 31.12.2019 ൽ എഗ്രിമെന്റ് ഒപ്പ് വയ്ക്കുകയും ചെയ്തു.

ബോർഡ് സ്ഥാപിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വ്യക്തിഗത പ്രൊജക്ടുകളിൽ സ്ഥാപിച്ച ബോർഡിന്റെ എണ്ണം | 54 |
| തുക | 192000 |
| കമ്മ്യൂണിറ്റി പ്രൊജക്ടുകളിൽ സ്ഥാപിച്ച ബോർഡിന്റെ എണ്ണം | 13 |

| | |
|---|---|
| തുക | 65000 |
| തുക നൽകിയ അക്കൗണ്ട് നമ്പർ | 67138042834 |
| ആകെ നൽകിയ തുക | 257000 |

ബോർഡ് സ്ഥാപിക്കലിലെ അപാകത താഴെ ചേർക്കുന്നു.

1.നിയമാനുസൃത നികുതികൾ കിഴിവ് ചെയ്തില്ല.

കരാറുകാരന്റെ ബില്ലിൽ നിന്ന് ജി എസ് റ്റി നിയമം പ്രകാരം റ്റി ഡി എസ് ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 9/14.09.21)

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 257000 |
| ഈടാക്കേണ്ട ജി എസ് റ്റി (@2%) | 5140 |
| ആദായ നികുതി(@1) | 2570 |
| ആകെ | 7710 |

2.ചട്ടപ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപാണ് ബോർഡ് സ്ഥാപിക്കേണ്ടത്. എന്നാൽ സ്റ്റേജ് 3 ന്റെ സമയത്താണ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന് മറുപടി നൽകി.

4)പ്രവൃത്തികളുടെ ഫയലിന്റെ കൂടെ ബോർഡിന്റെ ഫോട്ടോ സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഒരു ഫയലിലും ഫോട്ടോ സൂക്ഷിച്ചിട്ടില്ല. ജിയോ ടാഗ് ചെയ്യുന്നതിനാലാണ് പ്രത്യേകം സൂക്ഷിക്കാത്തത് എന്ന് മറുപടി നൽകി. എന്നാൽ ജിയോ ടാഗ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സംബന്ധിച്ച ചട്ടങ്ങൾ പാലിക്കേണ്ടതും നിയമാനുസൃത നികുതികൾ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-24 കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് വേലകളിൽ 2016 ലെ ഡി.എസ്.ആർ നിരക്ക് പ്രകാരം പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ നൽകിയപ്പോൾ കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഈടാക്കിവരുന്ന കാലിവീപ്പയുടെ നിരക്കനുസരിച്ച് (ഒരെണ്ണത്തിന് 238/-രൂപ നിരക്കിൽ)ഉള്ള വിലയും 18% ജി.എസ്.ടി യും ആണ് ഈടാക്കേണ്ടിയിരുന്നത്.വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | Soo 26/19-20 |
| പ്രോജക്ടിന്റെ പേര് | ളുമ്പേൽ കുഴിങ്ങരമല റോഡ് റീ ടാറിംഗ് വാർഡ് 3. |
| അടങ്കൽ<br>ചെലവ് | 400000/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>394399/-(ബിൽ നം.31/29.01.20/19-20) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18 ബാരൽ<br>എം.ബുക്ക് നം. 256/19-20 |
| ഈടാക്കേണ്ടതുക | 238 X 18 = 4284/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | കെ.പി.മാത്യു |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | Soo 38/19-20 |
| പ്രോജക്ടിന്റെ പേര് | കനാൽ ബണ്ട് പൊട്ടൻമല പൂഴിപ്പാലം റോഡ് റീ ടാറിംഗ് വാർഡ് 9. |
| അടങ്കൽ<br>ചെലവ് | 433768/- (മെയിന്റനൻസ് ഫണ്ട് റോഡ്)<br>417417/-(ബിൽ നം.12/11-4-21) |
| ആകെ ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 20ബാരൽ<br>എം.ബുക്ക് നം. 498/19-20 |
| ഈടാക്കേണ്ടതുക | 238 X 20 = 4760/- രൂപ + 18% ജി.എസ്.ടി |
| കരാറുകാരൻ | ബാബു മണി. |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/19-9-21) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും കാലി വീപ്പയുടെ വിലയായ9044/ -രൂപ (4284+4760)18% ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി - റ്റി ഡി എസ് കുറവ് ചെയ്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പ്രൊജക്ടുകളിൽ കരാർ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട റ്റി ഡി എസുകൾ കുറവ് ചെയ്തിട്ടില്ല. 2019 -20 ലെ കരാർ പ്രവൃത്തികളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | 46 |
| പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ എണ്ണം | 7 |
| 2.5 ലക്ഷത്തിന് മുകളിൽ തുക അനുവദിച്ച കരാറുകാരുടെ എണ്ണം | 7 |
| കരാറുകാരിൽ നിന്ന് ഈടാക്കിയ ആകെ ജി എസ് റ്റി | 0 |
| കരാറുകാരിൽ നിന്ന് ഈടാക്കിയ ആകെ ആദായ നികുതി | 0 |

| ക്രമ നം | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ പേര് | കരാറുകാരന് നൽകിയ തുക | അക്കൗണ്ട് നം | ഈടാക്കേണ്ട ജി എസ് റ്റി |
|---|---|---|---|---|---|
| | | എടമനക്കരിശ് റോഡ് കോൺക്രീറ്റിംഗ് | 384245 | 31140100000, ബാങ്ക് ഓഫ് ബറോഡ | 19393 |
| | | കീഴൂടങ്ങ് കൊച്ചിട്ടറോഡ് കോൺക്രീറ്റിംഗ് | 282002 | | |
| | | എടക്കാട്ട് കടവ് റോഡ് കോൺക്രീറ്റിംഗ് | 303396 | | |
| 2 | സാബു ആർ | എസ് എൻ ഡി പി കൊമ്പനാത്താഴം റോഡ് | 302400 | 10090100350825 ഫെഡറൽ ബാങ്ക് | 6048 |
| 3 | ഷാജി മാണി | പെരുമാങ്കാവ് റോഡ് കോൺക്രീറ്റിംഗ് | 316006 | 57052778374 എസ് ബി ഐ | 18081 |
| | | ചേറ്റൂർ കളരി റോഡ് കോൺക്രീറ്റിംഗ് | 305153 | | |
| | | ജവഹർ കോളനി റോഡ് സൈഡ് കെട്ട് | 285628 | | |
| 4 | ശിവൻ പി കെ | പണ്ടപ്പിള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ റീച്ച് 1 | 328817 | 57021231771 എസ് ബി ഐ | 18940 |
| | | പണ്ടപ്പിള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ റീച്ച് 2 | 322575 | | |
| | | തുമ്പേൽ തൊട്ടിപ്പറന്നേൽ റോഡ് കോൺക്രീറ്റിംഗ് | | | |
| | | കുയിന്നേൽമാരി കുഴിങ്ങര മല റോഡ് കോൺക്രീറ്റിംഗ് | 295589 | | |
| 5 | കെ പി മാത്യു | മണിയാട്ട് റോഡ് കോൺക്രീറ്റിംഗ് | 384245 | 67031340885 | 14368 |
| | | പൂണംകാവ് റോഡ് കോൺക്രീറ്റിംഗ് | 334176 | | |

| | | | | | |
|---|---|---|---|---|---|
| 6 | ബിജു ജോസഫ് | കൊന്നാനിക്കാട് ശ്മശാനം റോഡ് കോൺക്രീറ്റിംഗ് | 362387 | 57052776354 എസ് ബി ഐ | 7248 |
| ആകെ | | | | | 84078 |

ചട്ടപ്രകാരമുള്ള നികുതികൾ കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ബഡ്സ് സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 149/19-20 |
| പ്രോജക്ടിന്റെ പേര്. | ബഡ്സ് സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 97530/- |
| ചെലവ് | 91851/- |
| ബിൽ നം./തീയതി. | 1)44897/- 53/19-20/30-3-20.<br>2)46954/- 54/19-20/30-3-20. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് ശക്തി മെറ്റൽ ഇൻഡസ്ട്രീസ്, അടിമാലി എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ടി സ്ഥാപനത്തിൽ നിന്നും 91851/- രൂപയുടെ അടുക്കള ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിതരണ രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18.9.21) ലഭ്യമാക്കിയ മറുപടിയിൽ ബഡ്സ് സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും കോവിഡ് സാഹചര്യത്തിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം തുടങ്ങാത്തതിനാലാണ് വിതരണം ചെയ്യാതിരുന്നതെന്നും ഉപകരണങ്ങൾ ബഡ്സ് സ്കൂളിന്റെ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളിന്റെ പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് ഉപകരണങ്ങൾ വിതരണം ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 91851/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 റോഡ് റിസ്റ്റോറേഷൻ ഫീസ് - വിശദ പരിശോധന നടത്തണം

നബാർഡ് സഹായത്തോടെ ആരക്കുഴ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന RIDF – XXII കുടിവെള്ള പദ്ധതിക്ക് വേണ്ടി റോഡ് മുറിക്കുന്നതിന് 2.5.2017 ലെ KWA/CE/CR/PVM/733/2017 സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ പഞ്ചായത്തിൽ അപേക്ഷ നൽകി. ആയതിന് ഗ്രാമ പഞ്ചായത്ത് 4.8.2016 ൽ തീരുമാനം നം (1) പ്രകാരം അനുമതി നൽകുകയും ചെയ്തു. പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 3/9.9.21) നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി (റിപ്പോർട്ട്) കൂടി പരിഗണിച്ച് ഓഡിറ്റ് പരാമർശം താഴെ ചേർക്കുന്നു.

1. അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി ആരക്കുഴ പഞ്ചായത്ത് 11.07.2018 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം (നം 7/AE/LSGD/ARK/2018) റോഡ് റിസ്റ്റോറേഷൻ ഇനത്തിൽ വാട്ടർ അതോറിറ്റി പഞ്ചായത്തിൽ അടവാക്കേണ്ട തുക 3498300 രൂപയാണ്. എന്നാൽ ഫയലിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 3169500 രൂപയാണ് വാട്ടർ അതോറിറ്റി അടവാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | രസീത് നം | തുക |
|---|---|---|
| 1 | 118010500012/5.12.2018 | 2341695 |
| 2 | 118010500010/4.10.2019 | 827305 |

32 ലക്ഷത്തോളം രൂപ മാത്രമാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത് എന്ന് മറുപടിയിൽ അറിയിച്ചു.

2. താഴെ പറയും പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി റിസ്റ്റോറേഷൻ തുക ഈടാക്കിയിട്ടുള്ളത്.

| Specification | Length | Breadth | Quantity | Amount |
|---|---|---|---|---|
| Roads Having Black Topped Surface | 1150 | 2 | 2300 | |
| | Total | | 2300 | |
| Say | 2300 @ M2 1521 | | | 3498300.00 |

പി ഡബ്ല്യു ഡി ചീഫ് എഞ്ചിനീയറുടെ 18.03.2013 ലെ CE/R&B/GL/6682/06 നം സർക്കുലറിന്റെ അടിസ്ഥാനത്തിലാണ്

റിസ്റ്റോറേഷൻ തുക നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ 11.07.2018 ൽ റിസ്റ്റോറേഷൻ തുക നിർണ്ണയിക്കുന്നതിന് ബാധകമായ സർക്കുലർ 22.05.2018 ലെ CE/R&B/GL/01/08 നം സർക്കുലറാണ്. പ്രസ്തുത സർക്കുലർ പ്രകാരം നിരക്ക് കണക്കാക്കി സമർപ്പിക്കണമെന്ന് എൻക്വയറിയിൽ ആവശ്യപ്പെട്ടതിനെ തുടർന്ന് താഴെ പറയും പ്രകാരം നിരക്ക് കണക്കാക്കി ലഭ്യമാക്കി.

| Specification | Length | Breadth | Quantity | Amount |
|---|---|---|---|---|
| Roads Having Black Topped Surface | 1150 | 2 | 2300 | |
| | Total | | 2300 | |
| Say | 2300 $M^2$ @ 4680.65 | | | 10765495.00 |

ഇപ്രകാരം കണക്കാക്കുമ്പോൾ വലിയ വ്യത്യാസമാണ് ഫീസിനത്തിൽ ഉണ്ടാകുന്നത്.

3. പഞ്ചായത്ത് ലഭ്യമാക്കിയ രേഖ പ്രകാരം താഴെ പറയുന്ന റോഡുകളിലാണ് റോഡ് മുറിക്കൽ നടത്തുന്നത്.

| ക്രമ നം | റോഡിന്റെ പേര് | റോഡിന്റെ തരം | ആസ്തി രജിസ്റ്ററിലെ ക്രമ നം | ബാധകമായ നിരക്ക് |
|---|---|---|---|---|
| 1 | Konnanickad – Punnamattathil Thazham Road | 20 Mm Open Graded Chipping Carpet | 51 | 4680.65 |
| 2 | Perumballoor Kumbalathumala Road | Concrete | 6 | 6252.24 |
| 3 | Arackalthazham Konnanikkadamala Road | Concrete | 9 | 6252.24 |
| 4 | Konnanikkad Pottanmala Concrete Road | Concrete | 47 | 6252.24 |
| 5 | Mullapapdi Arakkuzha Marika Road | 20 Mm Open Graded Chipping Carpet | 82 | 6252.24 |
| 6 | Mullappady Canal Bund Road | 20 Mm Open Graded Chipping Carpet | 85 | 6252.24 |

എന്നാൽ ലഭ്യമാക്കിയ മറുപടിയിൽ ഏതൊക്കെ റോഡുകളിൽ ഏതൊക്കെ രീതിയിലാണ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് എന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടില്ല. ലഭ്യമായ വിവരപ്രകാരം ക്രമ നം (1) ലെ റോഡ് കട്ടിംഗ് ഫീസ് മാത്രമാണ് വാട്ടർ അതോറിറ്റി അടച്ചിട്ടുള്ളത്. പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരപ്രകാരം ഇതര റോഡുകളിലും റോഡ് കട്ടിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ രേഖകൾ ലഭ്യമല്ല. റോഡ് കട്ടിംഗ് ഫീസ് ഈടാക്കൽ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ റോഡ് കട്ടിംഗ് ഫീസ് ഈടാക്കിയതിലെ നടപടി ക്രമങ്ങളിൽ വീഴ്ച വന്നിട്ടുണ്ടോയെന്നും ഫീസിനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചില്ല. വാട്ടർ അതോറിറ്റി റോഡ് കട്ടിംഗ് സംബന്ധിച്ച് പരിശോധിക്കുന്നതിന് ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരം ചട്ടം 31(1), (2), (3) എന്നിവ പ്രകാരമുള്ള ഭൂവികസന പ്രവർത്തനങ്ങൾക്ക് ആറിന് 750 രൂപ വീതം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, പാർപ്പിട ആവശ്യത്തിനു വേണ്ടി ചട്ടം31(1), (2), (3) എന്നിവ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച താഴെ സൂചിപ്പിച്ചിട്ടുള്ള ഭൂവികസന പെർമിറ്റിന് ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം | ഉടമ സ്ഥന്റെ പേര് | ഭൂവികസന പെർമിറ്റ് നം. തീയതി | പ്ലോട്ടിന്റെ സർവെ നം. | പ്ലോട്ടിന്റെ വിസ്തൃതി (ആർ) | ഭൂവികസനം അനുവദിച്ച വിസ്തൃതി (ആർ) | ഈടാ ക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ്/ രസീത് നം./തീയതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ജെയിംസ് മാനുവൽ കുരുവിത്തടം | A2-510/20 18.2.20 | 674/9 | 40.87 | 4.02 | 4.02*750= 3015 | 1013/- 119010 102877/ 5.3.20 | 2002/- |

ഭൂവികസന പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.9.21) മറുപടി ലഭ്യമായിട്ടുണ്ട്. മറുപടിയിൽ അപേക്ഷകനെ രേഖാമൂലം അറിയിപ്പ് നൽകി തുക അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭൂവികസന പെർമിറ്റ് ഫീസിനത്തിൽ ഈടാക്കുവാൻ കുറവ് വന്ന തുകയായ 2002/-രൂപ ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 159949 | പ്രോ.നം.09/20,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 159949 | 0 |
| | | 91851 | പ്രോ.നം.142/20, ബഡ്സ് സ്കൂളിലേക്ക് അടുക്കള ഉപകരണങ്ങൾ വാങ്ങൽ | 91851 | 0 |
| | | 115404 | പ്രോ.നം.33/20, വാർഡ് 4 കുളത്തൂർ പീഠിക എസ്.സി കോളനി റോഡ് നടപ്പാത കോൺക്രീറ്റിംഗ് | 115404 | 0 |
| | | 450000 | പ്രോ.നം.66/20, ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 450000 | 0 |
| | | 348064 | പ്രോ.നം.69/20, പാലിയേറ്റീവ് കെയർ പദ്ധതി | 348064 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 127500 | പ്രോ.നം.12/20, നെൽകൃഷി വികസനം | 127500 | 0 |
| | | 1083906 | പ്രോ.നം.68/20,ലൈഫ് ഭവന പദ്ധതി (എസ്.സി) | 1083906 | 0 |
| | | 246288 | പ്രോ.നം.74/20,ലൈഫ് ഭവന പദ്ധതി ഭൂമിയുള്ളവർക്ക് | 246288 | 0 |

| | | | | |
|---|---|---|---|---|
| | | ധനസഹായം നൽകുന്ന പദ്ധതി. | | |
| | 3400000 | പ്രോ.നം.143/20,ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ | 3400000 | 0 |
| | 68751 | പ്രോ.നം.09/20,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 68751 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ സ്ഥാപിക്കൽ | ലഭ്യമാക്കിയില്ല | 6000 | 0 | 6000 |
| | കങ്ങരപ്പാറ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമാക്കിയില്ല | 327000 | 0 | 327000 |
| | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ എസ് 0077/20 | ലഭ്യമാക്കിയില്ല | 353000 | 0 | 353000 |
| കെ.എസ്.ഇ.ബി | ആരക്കുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എസ് 0075/20 | ബിൽ നം 95/20 തീയതി 15.11.2019 | 969150 | 318517 | 650633 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ഫണ്ട് ട്രാൻസ്ഫർ | 371767 | 0 | 371767 |
| | മഞ്ഞമാക്കിത്തടം കുടിവെള്ള പദ്ധതി-മോട്ടർപ്പുര വൈദ്യുതി കരണം | ഫണ്ട് ട്രാൻസ്ഫർ | 61015 | 0 | 61015 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2960000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | (1)ജി.ഒ.6105/19 /ധനം/1.08.2019 (2)ജി.ഒ.10050/19 /ധനം/21.12.19 | 1950000 | 1010000 | 285294 | 0 | 2674706 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽ ലേലം-ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതു വഴി 39700/- രൂപ പഞ്ചായത്തിനു നഷ്ടം | നിയമസഭസമിതി – ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2006-08- 18ാം റിപ്പോർട്ട് പേജ് 109 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം ക്രമക്കേട് | |
| 1997-98 | 34 | 2001-02 | 371 | വീട് നന്നാക്കാൻ- അനധികൃത ചെലവ് | |
| 1997-98 | 48 | 2001-02 | 372 | ഉപാധി രഹിത ഫണ്ട്- റോഡ് ടാറിംഗ് ഫണ്ട് ദുർവിനിയോഗം | ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 1997-98 | 49 | 2001-02 | 376 | റോഡ് പണി -ക്രമക്കേടുകൾ | സർച്ചാർജ് നടപടി ജില്ലാ കോടതി തടഞ്ഞിട്ടുള്ളതാണ് |
| 1997-98 | 50 | 2001-02 | 387 | റോഡ് പണി -ക്രമക്കേടുകൾ | |
| 1997-98 | 51 | 2001-02 | 381 | റോഡ് പണി -ക്രമക്കേടുകൾ | |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം- അധികച്ചെലവ് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38878204 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37936464 |
| വരവിനങ്ങളിലുള്ള നഷ്ടം | 2002 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 531701 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 2002 | 0 | ശ്രീ.ജയന്തകുമാർ.എ.പി സെക്രട്ടറി |
| ആകെ | 2002 | 0 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | തടസ്സത്തിന് ഉത്തരവാദിയായ |
|---|---|---|---|

| | | | ആളുടെ മേൽവിലാസം |
|---|---|---|---|
| 1-20 | 40000 | ശ്രീ.രാജേഷ്.ടി.വർഗ്ഗീസ്. സെക്രട്ടറി. | തെക്കേപ്പറമ്പിൽ,ഇലഞ്ഞി മുത്തോലപുരം |
| 1-21 | 46850 | ശ്രീമതി.പി.കെ.സുജാത,ഹെഡ് മിസ്സിസ്.ഗവ.യു.പി സ്കൂൾ, പണ്ടപ്പിള്ളി | പാലക്കത്തടത്തിൽ, പാലക്കുഴ.പി.ഒ, എറണാകുളം |
| 1-22 | 353000 | ശ്രീ.ജയന്തകുമാർ.എ.പി സെക്രട്ടറി | അലഷാക്കടത്ത് മന പുതുവശ്ശേരി കാഞ്ഞിരമറ്റം.പി ഒ ആമ്പല്ലൂർ |
| 1-26 | 91851 | ശ്രീ.ജയന്തകുമാർ.എ.പി സെക്രട്ടറി | |
| | 531701 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | ആദായ നികുതി | ജി.എസ്.ടി. | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, പേര് | നികുതി നഷ്ടത്തിനുത്തരവാദിയായ ഉദ്യാഗസ്ഥന്റെ മേൽവിലാസം |
|---|---|---|---|---|---|
| | | CGST | SGST | | |
| 1-23 | 2570 | 2570 | 2570 | അസി.സെക്രട്ടറി ശ്രീ.അഫ്സൽരാജ്.എം.ആർ | ദാറുൽ അമൻ പേഴയ്ക്കാപ്പിള്ളി.പി.ഒ മൂവാറ്റുപുഴ |
| 1-25 | | 42039 | 42039 | | |
| | 2570 | 44609 | 44609 | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും , ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 2-1 | ശ്രീ.ജയന്തകുമാർ.എ.പി സെക്രട്ടറി | ആരക്കുഴ ഗ്രാമ പഞ്ചായത്ത് | അലഷാക്കടത്ത് മന പുതുവശ്ശേരി കാഞ്ഞിരമറ്റം.പി ഒ ആമ്പല്ലൂർ |
| 1-23 | ശ്രീ.അഫ്സൽരാജ്.എം.ആർ അസി.സെക്രട്ടറി | ആരക്കുഴ ഗ്രാമ പഞ്ചായത്ത് | ദാറുൽ അമൻ പേഴയ്ക്കാപ്പിള്ളി.പി.ഒ മൂവാറ്റുപുഴ |
| 1-25 | ശ്രീ.അഫ്സൽരാജ്.എം.ആർ അസി.സെക്രട്ടറി | ആരക്കുഴ ഗ്രാമ പഞ്ചായത്ത് | |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |

| | |
|---|---|
| 17-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |
| 18-19 | കെഎസ്എഇകെഎം(പി8)128/2020/18/03/2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്